**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 402** **05-12-2022 - ൽ മറുപടിയ്ക്ക്**

**വില്ലജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ - സർവീസ് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 1967, 1977, 2008 വർഷങ്ങളിലെ സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം വില്ലജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ - സർവീസ് പരിശീലനത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ നിലവിലുള്ള പരിശീലന സിലബസ് എന്നുമുതൽ പ്രാബല്യത്തിൽ ഉള്ളതാണെന്ന് അറിയിക്കുമോ; സർക്കാർ ഉത്തരവിന്റെ വിശദാംശം നൽകുമോ; | (എ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ-സർവീസ് പരിശീലനകാലം ഇൻസർവ്വീസ് പരിശീലനമാക്കി മാറ്റി 28.09.2016-ലെ ജി.ഒ (എം.എസ്) നം.137/16/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി പരിശീലനത്തിന്റെ സിലബസ് 22.09.2017-ലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇൻസർവീസ് പരീക്ഷ ബോർഡ് തീരുമാനപ്രകാരം കില ഡയറക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 1967 - ലെ സ്പെഷ്യൽ റൂൾ പ്രകാരം പരിശീലന കാലയളവ് ഇൻക്രിമെന്റ്, പ്രൊബേഷൻ എന്നിവയ്ക്കു പരിഗണിക്കില്ല എന്നത് 1977, 2008 വർഷങ്ങളിലെ സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഒഴിവാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 1977, 2008 വർഷങ്ങളിലെ സ്പെഷ്യൽ റൂളുകളിൽ ബന്ധപ്പെട്ട തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ഏതെങ്കിലും ട്രെയിനിംഗ് സെന്ററിൽ നിന്നും ആറു മാസത്തെ പ്രീസർവ്വീസ് പരിശീലനം പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം മാത്രമാണ് ഒരു ജീവനക്കാരന്റെ ഇൻക്രിമെന്റ്, പ്രൊബേഷൻ എന്നിവ ആരംഭിക്കുന്നത് എന്നതിനാൽ തന്നെ ഇൻക്രിമെന്റ്, പ്രൊബേഷൻ ഡിക്ലറേഷൻ എന്നിവ പ്രത്യേകമായി മേൽ സ്പെഷ്യൽ റൂളുകളിൽ എടുത്തു പറഞ്ഞിട്ടില്ല. |
| (സി) | വിവിധ വകുപ്പുകളിൽ യൂണിഫോം തസ്തികകളുടേത് ഉൾപ്പെടെ പരിശീലന കാലം, മുൻകാല പ്രാബല്യത്തോടെ സർവീസ് ആനുകൂല്യങ്ങൾക്ക് പരിഗണിച്ച് ഉത്തരവായപ്പോൾ വില്ലജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവീസ് പരിശീലന കാലയളവ് പെൻഷൻ ഉൾപ്പെടെ യാതൊരു സർവീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. പ്രീ-സർവീസ് പരിശീലനകാലം സർവ്വീസ് അല്ല. ടി വിഷയത്തിൽ ചട്ടപ്രകാരം മാത്രമാണ് സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം-ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് ട്രയിനിംഗ് ഇൻ സർവ്വീസ് ട്രയിനിംഗ് ആക്കി മാറ്റി നിശ്ചയിച്ചു കൊണ്ട് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇ ആർ ബി) വകുപ്പ്

ജി.ഒ (എം.എസ്) നം. 137/2016 /ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി 28.09.2016.

---

പരാമർശം: 1. ജി.ഒ (പി) നം. 216/08/ത.സ്വ.ഭ.വ തീയതി 30/07/2008

2. ഗ്രാമവികസന കമ്മീഷണറുടെ 26/07/2016 ലെ 9755/ജെ.ആർ.വൈ3/16/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥി നിയമനത്തിനു മുൻപ് സംസ്ഥാനത്തെ ഏതെങ്കിലും ഒരു എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിൽ 6 മാസത്തെ പ്രീ സർവ്വീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയിരിക്കണമെന്ന് പരാമർശം (1) ലെ വിശേഷാൽ ചട്ടം ഖണ്ഡിക (6)ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് പരിശീലനം ഇൻ സർവ്വീസ് ആക്കണമെന്നും പരിശീലനത്തിന്റെ നിലവിലുള്ള സിലബസ് പരിഷ്കരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഗ്രാമവികസന വകുപ്പിലെ പുതിയതായി നിയമിക്കപ്പെടുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ നിലവിലുള്ള 6 മാസത്തെ പ്രീ സർവ്വീസ് പരിശീലനം, പരിശീലന വിഷയങ്ങൾക്കു മാറ്റം വരുത്താതെ 3 മാസത്തെ ഇൻ സർവ്വീസ് പരിശീലനം ആക്കി പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവാകുന്നു. ഈ ഉത്തരവിന് 25/05/2016 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

പരാമർശം (1) ലെ വിശേഷാൽ ചട്ടത്തിൽ ഇപ്രകാരം ഭേദഗതി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വിജയകുമാർ.റ്റി.പി**

**സ്പെഷ്യൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (09/09/2016 ലെ ഡെവ-1/288/2016/ധനം നമ്പർ അ.ഔ.കുറിപ്പ് പ്രകാരം)

പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം )

ഇൻഫർമേഷൻ കേരള മിഷൻ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി